# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153

**St. Mary's Knanaya Catholic Parish Unit,** 5212 W. Agatite Ave, Chicago, IL 60630

**September 20, 2009, Vol. 4, Issue 52**

**All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm**







## വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുന്നാൾ

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുഴുകി ജീവിച്ച് പാവപ്പെട്ടവരിലൂടെ ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത വി. വിൻസെന്റ് ഡി പോളിന്റെ തിരുന്നാൾ അടുത്ത ഞായറാഴ്ച സെപ്തംബർ 27ന് മേവുഡ് പള്ളിയിൽ ആഘോഷിക്കുന്നു. നാട്ടിൽനിന്നു കൊണ്ടുവന്ന വിശുദ്ധന്റെ പുതിയ തിരുസ്വരൂപം അന്നു രാവിലെ 9:45ന് ആശീർവ്വദിക്കുന്നതും ലദീഞ്ഞു നടത്തുന്നതുമാണ്. തുടർന്ന് ആഘോഷമായ ദിവ്യബലിയും തിരുനാൾ സന്ദേശവും ഉണ്ടായിരിക്കും.

തിരുന്നാൾ പ്രസുദേന്തിമാർ നമ്മുടെ ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനാംഗങ്ങളാണ്. അന്നത്തെ നേർച്ച സമർപ്പണം നമ്മുടെ ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു നല്കുന്നതാണ്. സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയിലേയ്ക്കു പ്രായഭേദമന്യേ പുതിയ അംഗങ്ങൾക്ക് അന്നു ചേരാവുന്നതാണ്.



Photo above: Grandparents Day blessing at Maywood.
Photo Right: Grandparents after blessing at OLV Church.
Photo Below: Participants of Senior Citizens Tour watching Greyhound Race at Galena.





## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Maywood.**
**ENGLISH MASS at 11:30 A.M. at Maywood.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago.**
**THURSDAY 7:00 P.M. Community Center.**
**FRIDAY 7:00 P.M. at Maywood.**
**SATURDAY 10:00 A.M. at Maywood.**

## SYRO-MALANKARA MASS

**Third Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## SACRAMENT OF RECONCILIATION (CONFESSION)

**Every Sunday from 10:00 A.M. at Maywood.**
**First and Third Sundays from 3:45 P.M. at OLV.**

## ADORATION

**ALL: First Fridays after Mass.**
**YOUTH: First & Third Saturdays after Holy Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

September 2009

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

# Schedule of Events

### SATURDAY, SEPTEMBER 19, 2009
Holy Mass and Novena at Maywood at 10:00 A.M.
Adoration of Youth Prayer Group after 10:00 Holy Mass.

### SUNDAY, SEPTEMBER 20, 2009
Syro-Malankara Holy Mass at 8:30 A.M. Memorial Mass for Rev. Fr. Markose Kelachandra.
Religious Education Class at Maywood from 10:00 A.M.
Holy Mass at Maywood at 10:00 A.M.
English Mass at 11:40 A.M.
Religious Education Class of St. Mary's Parish Unit from 3:45 P.M. to 5:00 P.M.
Holy Mass with Baptism at OLV at 5:20 P.M.

### MONDAY, SEPTEMBER 21, 2009
Feast day of St. Mathew.

### THURSDAY, SEPTEMBER 24, 2009
Knanaya Catholic Region Priests' Meeting at Maywood Church from 2:00 P.M.
Holy Mass, Novena & Benediction at Community Center at 7:00 P.M.

### FRIDAY, SEPTEMBER 25, 2009
Holy Mass at Maywood at 7:00 P.M.

### SATURDAY, SEPTEMBER 26, 2009
Holy Mass and Novena at Maywood at 10:00 A.M.

### SUNDAY, SEPTEMBER 27, 2009
Feast Celebration of St. Vincent de Paul sponsored by St. Vincent de Paul Society of our parish starting at 9:45 A.M. and Holy Mass at 10:00 A.M.
Religious Education Class at Maywood from 10:00 A.M.
English Mass at 11:40 A.M.
Religious Education Class of St. Mary's Parish Unit from 3:45 P.M. to 5:00 P.M.
Holy Mass with Baptism at OLV at 5:30 P.M

### THURSDAY, OCTOBER 1, 2009
Feast day of Little Flower.
Holy Mass, Novena & Benediction at Community Center at 7:00 P.M.

### FRIDAY, OCTOBER 2, 2009
Feast Day of Guardian Angel.
Holy Mass and First Friday Adoration by Little Flower Koodarayogam at Maywood at 7:00 P.M.

### SATURDAY, OCTOBER 3, 2009
Family Renewal Retreat for children above 12 and adults by Thy Kingdom Come Retreat Team at Maywood from 9:00 A.M. to 8:00 P.M. for both Sacred Heart and St. Mary's Unit.
Holy Mass and Novena at Maywood at 10:00 A.M.

### SUNDAY, OCTOBER 4, 2009
Family Renewal Retreat for children above 12 and adults by Thy Kingdom Come Retreat Team at Maywood from 9:00 A.M. to 8:00 P.M. for both Sacred Heart and St. Mary's Unit.
**No Religious Education classes at Maywood and OLV because of the retreat.**
Holy Mass at OLV at 5:30 P.M

### THURSDAY, OCTOBER 5, 2009
Ten Day Rosary starts at Community Center at 7:00 P.M.



# വികാരിയുടെ സന്ദേശം

## അമിത ധനം മൂലം നിരാശനായ ഒരു യുവാവ്

എന്റെ പ്രിയ സഹോദരങ്ങളേ,

അനേകർക്ക് സൗഖ്യവും പാപമോചനവും പുനർജീവനും നല്കിയ ഈശോയുടെ ഉപദേശം വഴി നിരാശനായ ഒരു യുവാവിന്റെ കഥ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (മത്തായി 19:16-22). യഹൂദ നിയമങ്ങൾ കർക്കശമായി പാലിച്ചിരുന്നെങ്കിലും ആ യുവാവിന് എന്തോ കുറവ് അനുഭവപ്പെട്ടിരുന്നു. നിത്യരക്ഷ ലഭിക്കുമെന്ന പ്രതീക്ഷ അയാളിൽ മങ്ങിയിരുന്നു. അതു ലഭ്യമാക്കുവാൻ എന്തു ചെയ്യണമെന്നറിയുവാനാണ് അയാൾ ഈശോയെ സമീപിച്ചത്.

ഈശോ മറുപടി പറഞ്ഞു: "നീ പൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. തുടർന്ന് എന്നെ അനുഗമിക്കുക." പക്ഷേ അയാൾ കൂടുതൽ നിരാശനായി അവിടെനിന്നു മടങ്ങി. കാരണം വളരെ സമ്പത്തുണ്ടായിരുന്ന അയാൾക്ക് അതു പങ്കുവയ്ക്കുക ഹൃദയ ഭേദകമായിരുന്നു. അതു കണ്ടപ്പോൾ ഈശോ ഒരു പൊതു തത്ത്വമായി പറഞ്ഞു: "ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴലിലൂടെ കടന്നു പോകുന്നതാണ്."

സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള കവാടം ചെറുതാകയാൽ ഭൗതിക സമ്പത്തു സംവഹിച്ചുകൊണ്ട് നമുക്ക് അതിലൂടെ പ്രവേശിക്കുവാൻ പറ്റില്ല. അതു കൈവെടിയുവാൻ നമ്മുടെ മനസ്സ് അനുവദിക്കുകയുമില്ല. "നിന്റെ സമ്പത്ത് എവിടെയോ, അവിടെയായിരിക്കും നിന്റെ ഹൃദയവും." (മത്തായി 6:21). അതുകൊണ്ടാണ് മരിച്ചാലും സ്വർഗ്ഗംവരെ പറന്നെത്താൻ പലർക്കും പറ്റാത്തത്. സ്വർഗ്ഗത്തിൽ നിക്ഷേപമുള്ളവരുടെ ഹൃദയമാകട്ടെ സ്വർഗ്ഗത്തിലായിരിക്കും. അതിനാൽ എത്രയും വേഗം അവിടെ പറന്നെത്തുവാനാണ് അവർക്കു താല്പര്യം. അവിടെ എത്തും മുമ്പുതന്നെ ആ സ്വർഗ്ഗീയ ആനന്ദം അവർ ഇഹത്തിൽ അനുഭവിച്ചു തുടങ്ങും.

ജീവിത ദൗർഭാഗ്യങ്ങളും അസംതൃപ്തിയും ദാർശനികർ പഠന വിഷയമാക്കിയിട്ടുണ്ട്. ഇൻഡ്യയിലെ കപിലവസ്തുവിൽ രാജകുമാരനായി എല്ലാവിധ സൗഭാഗ്യത്തിലും കഴിഞ്ഞിരുന്ന സിദ്ധാർത്ഥൻ രോഗവും പട്ടിണിയും മരണവും കണ്ട് അവയ്ക്കുള്ള കാരണം തേടി ചെങ്കോലും കിരീടവും വലിച്ചെറിഞ്ഞ് ശ്രീബുദ്ധനായി മാറിയത് ഈ ചിന്തയിൽനിന്നാണ്. എന്നാൽ മനുഷ്യരെ ദൈവത്തിലേയ്ക്കു നയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പകരം, അതിനു പാതയൊരുക്കുന്ന അഷ്ടാംഗ മാർഗങ്ങളിലൂടെ ശാന്തിയ്ക്കുവേണ്ടി അദ്ദേഹം മനുഷ്യരെ ഒരുക്കി.

വഴിയും സത്യവും ജീവനുമായ ഈശോയിലൂടെയാണ് മിക്കവരും നൈരാശ്യത്തിൽനിന്നു സംതൃപ്തിയിലേയ്ക്കു കടന്നുവന്നത്. പണത്തിനുവേണ്ടി പച്ചമാംസംവിറ്റ് സുഖലോലുപതയിൽ കഴിയുവാൻ ശ്രമിച്ച മഗ്ദലേനാ മറിയവും, അന്യായമായി ചുങ്കപ്പണം പിടിച്ചുവാങ്ങി ധനികരായ മത്തായിയും സക്കേവൂസും മത്സ്യബന്ധന വിദഗ്ധരായ പത്രോസും കൂട്ടരും തുടങ്ങി അനവധിപേർ ഭൗതിക സമ്പത്തുപേക്ഷിച്ച് ഈശോയെ അനുഗമിച്ചു. തുടർന്നുള്ള ജീവിതം മുൻപത്തേതിനേക്കാൾ കല്ലും മുള്ളും നിറഞ്ഞതായിരുന്നെങ്കിലും സംതൃപ്തികരമായിരുന്നു. കാരണം ദൈവ രാജ്യത്തെ പ്രതിയുള്ള ക്ലേശങ്ങൾ താല്ക്കാലികവും നിത്യസൗഭാഗ്യത്തിനുള്ള ചവിട്ടുപടികളുമാണെന്ന് അവർക്ക് ബോദ്ധ്യമുണ്ടായിരുന്നു.

നിത്യതയ്ക്കായി വിളിക്കപ്പെട്ട നമ്മൾ ഭൗതികതയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ നമ്മിലുണ്ടാകുന്ന ആത്മീയ സംഘർഷമാണ് നമ്മെ നിരാശയിലേയ്ക്കു നയിക്കുന്നത്. ദൈവത്തിലുള്ള പ്രത്യാശയാണ് താല്ക്കാലിക പരാജയങ്ങളിൽ നമുക്കു കരുത്തു പകരുന്നത്. ഒരു തെറ്റും ചെയ്യാത്ത ഈശോ കൊടുംപാപിയായി ചിത്രീകരിക്കപ്പെട്ട് പരാജയം ഏറ്റുവാങ്ങിയവനാണ്. പക്ഷേ നിത്യതയെ നേരിൽ കാണുമ്പോൾ മാർഗ തടസ്സങ്ങൾ പരാജയമായി ഈശോ കണക്കാക്കിയില്ല.

ജീവിത സൗകര്യം കുറവായിരുന്ന ഇൻഡ്യയിൽനിന്ന് വടക്കേ അമേരിക്കയിൽ വന്ന നമ്മെ നിരാശരാക്കുന്നത് വാസ്തവത്തിൽ നമ്മുടെ സമ്പത്തും ജീവിത സൗകര്യങ്ങളുമാണ്. ദൈവത്തെയും ദൈവരാജ്യമാകുന്ന ലക്ഷ്യത്തെയും മറന്ന് നാം ഭൗതികതയിൽ സന്തോഷം കണ്ടെത്തുവാൻ വിഫല ശ്രമം നടത്തുകയാണ്. ദൈവത്തിനുള്ളതു ദൈവത്തിനും സീസറിനുള്ളതു സീസറിനും ദരിദ്രർക്കുവേണ്ടത് ദരിദ്രർക്കും കൊടുക്കാതെ നാം പിടിച്ചു വയ്ക്കുന്ന സമ്പത്ത് നമ്മുടെ കൈയിൽ തീക്കനലായും ഹൃദയത്തിൽ നീറ്റലായും ശിരസ്സിൽ മൈഗ്രെയിനായും മാറിയില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ.

പങ്കുവയ്ക്കുവാനുള്ള സന്മനസ്സ് ദൈവിക വരദാനമാണെന്നു തിരിച്ചറിഞ്ഞ് സന്മനസ്സോടെ കൊടുക്കുകയും കൊടുക്കുവാൻ നമ്മുടെ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുകയും വേണം. കൊടുക്കാതിരിക്കുവാനുള്ള ന്യായങ്ങളും ഒഴികഴിവുകളും പൈശാചിക പ്രലോഭനങ്ങളാണെന്നു നമുക്കു തിരിച്ചറിവുണ്ടാകണം. നമ്മുടെ തന്നെ ആവശ്യത്തിനുവേണ്ടിയുള്ള നമ്മുടെ രണ്ടാമത്തെ പള്ളിയ്ക്കുവേണ്ടി സന്തോഷത്തോടെ നമുക്കു പങ്കുവെയ്ക്കാം. അപ്പോൾ ഇത്രയും നാൾ നമുക്കായി പങ്കുവച്ച ദൈവം എത്രയും സന്തോഷത്തോടെ നമുക്കു കൂടുതൽ കൃപനല്കും.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

### നറുങ്ങുവെട്ടം

**കൊടുക്കുന്നവർ വീണ്ടും വീണ്ടും**
**കൊടുക്കുന്നതെന്തുകൊണ്ട്?**
**പങ്കുവയ്ക്കലിന്റെ ആത്മീയാനന്ദത്തിൽ**
**അവർ ആസക്തരായതുകൊണ്ട്.**



# അപ്രതീക്ഷിതമായി അമ്മ നല്കിയ നാം ആഗ്രഹിച്ച പള്ളി



പോൾസൺ കുളങ്ങര

ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരമായി നാമെല്ലാവരുടെയും സ്വപ്നങ്ങൾ പൂവണിയിച്ചുകൊണ്ട് മാതാവിന്റെ നാമത്തിൽ മോർട്ടൻ ഗ്രോവിൽ ഒരു പള്ളി പരിശുദ്ധ അമ്മതന്നെ തരമാക്കി തരുന്നു. നിത്യവും സഹായിക്കുന്ന ഒരു അമ്മയാണല്ലോ നമ്മുടേത്. ജീവൻ ഉരുവാകുന്ന നിമിഷം മുതൽ അമ്മയിൽ ആശ്രയിക്കുന്ന നമ്മൾ, "ഇപ്പോഴും ഞങ്ങളുടെ മരണ സമയത്തും" തമ്പുരാനോട് അപേക്ഷിക്കണമേ എന്ന് അമ്മയോട് യാചിക്കുന്നു.

നമ്മുടെ പൈതൃകമായ ആചാരങ്ങളും വിശ്വാസങ്ങളും നമ്മുടെ കുട്ടികളിലേയ്ക്കും, അവരിലൂടെ പേരക്കിടാങ്ങളിലേയ്ക്കും പകർത്തി കൊടുക്കുവാൻ, നമുക്ക് സ്വന്തമായി ഒരു ദൈവാലയം, വളരെ മനോഹരമായ ഒരു ചുറ്റുപാടിൽ, സമുദായത്തിന്റെ ഏകദേശം 70 ശതമാനത്തോളം ആളുകൾക്ക് വളരെ സമീപസ്ഥമായ സ്ഥലത്ത് ഒത്തു വന്നിരിക്കുകയാണ്. നമ്മളിൽ പലരുടെയും ഭവനങ്ങളിൽ ഉള്ള പ്രായം ചെന്ന മാതാപിതാക്കൾക്ക് സ്വന്തം ഭാഷയിലും റീത്തിലും ദിവ്യബലിയിൽ പങ്കുചേരുവാനൊക്കുന്നത് എത്രയോ സംതൃപ്തികരമാണ്.

ഇത്രയും നല്ല ചുറ്റുപാടിൽ, ഏവർക്കും അടുത്ത്, ഇത്രയേറെ സൗകര്യങ്ങളോടുകൂടി സ്വന്തമായി ഒരു ദൈവാലയം സാധ്യമാവുകയില്ലെന്നു കരുതി നിരാശയോട് കഴിഞ്ഞിരുന്ന നമുക്ക്, നീട്ടിയ കൈക്കുമ്പിളിൽ ദാഹജലം തരുകയാണ് അമ്മ. അതിരുകളില്ലാതെ കണ്ട സ്വപ്നം സാധ്യമാകുമ്പോൾ അത്യത്ഭുതകരമായി തോന്നുന്നു. വെള്ളത്തെ വീഞ്ഞാക്കിയ ഈശോയുടെ ആദ്യത്തെ അത്ഭുതം തന്നെ അമ്മയുടെ ആവശ്യപ്രകാരം ആയിരുന്നല്ലോ.

ജീവിതത്തിൽ പലപ്പോഴും നിരാശയുടെ വക്കിലെത്തി, പലതും കൈവിട്ടുപോയി എന്നു കരുതി നിന്നപ്പോഴും, മാതാവും ഈശോയും സർവ്വശക്തനായ ദൈവവും എനിക്കും എന്റെ കുടുംബത്തിനും താങ്ങും തണലുമായി.

വിധവയുടെ ചില്ലിക്കാശ് ദൈവാലയത്തിലെ കാണിക്കവഞ്ചിയിൽ സമർപ്പിച്ചപ്പോൾ ഈശോയുടെ പ്രശംസയ്ക്ക് ആത് വിഷയീഭവിച്ചു. ദൈവാലയത്തിനുവേണ്ടി ഉപയോഗിക്കുന്ന പണം നമ്മുടെ നിത്യജീവിതത്തിലേയ്ക്കുള്ള മുതൽക്കൂട്ടാണ്. ഇന്നല്ലെങ്കിൽ നാളെ ഇഹലോകവാസം വെടിയേണ്ട നമ്മൾക്കൊപ്പം ഭൗതിക നേട്ടങ്ങളൊന്നുമല്ലല്ലോ കൂടെ പോരുന്നത്; പിന്നെയോ "ജീവിത ചെയ്തികൾ" മാത്രം.

ഏറെ നാളുകളായി രണ്ടാമതൊരു ദൈവാലയത്തിനായി പ്രാർത്ഥിച്ച നമുക്ക് പ്രാർത്ഥനയ്ക്കുത്തരം എന്നവണ്ണം തരുന്ന ഈ ദൈവാലയത്തെ നിറഞ്ഞ മനസ്സോടെ, നന്ദിയോടെ വരവേല്ക്കാം.

## For Favors Received



- പെണ്ണമ്മ

## For Favors Received



- ഒരു വിശ്വാസി

## Pre-Marriage Course

The next Marriage Preparation Course, in our church will be held from October 23rd evening to 25th evening. Participants are also welcome from outside Chicago. Please register with the Family Commission of our Parish by contacting Tonny Pullappally at 630-205-5078.



## FAMILY RENEWAL RETREAT

Considering the request of our youth and parents, we are organizing a two-day family renewal retreat with opportunity for spiritual counseling by THY KINGDOM COME TEAM at our church in Maywood on Saturday and Sunday October 3 and 4 from 9:00 A.M. to 8:00 P.M. Expected participants are all Religious Education staff and students of both schools from age 13 and their parents. Others are welcome. There is no registration fee. Donation is welcome to meet the travel and food expenses.







Photo above: Cake cutting on Grandparents day.
Photo left: Tour of Senior Citizens.
Photo below: Boat Ride at Dubuque River.




## For Favors Received



- ഒരു വിശ്വാസി

## For Favors Received



- ഒരു വിശ്വാസി

# കൊന്ത പത്ത്


© J. S. Paluch Co., Inc.

ഈ വർഷത്തെ കൊന്ത പത്ത് കമ്മ്യൂണിറ്റി സെന്ററിൽ ഒക്ടോബർ 5 മുതൽ 9 വരെയും 12 മുതൽ 16 വരെയും (തിങ്കൾ മുതൽ വെള്ളി വരെ) വൈകുന്നേരം 7:00 മണിയ്ക്ക് കുർബ്ബാനയെ തുടർന്നായിരിക്കും. മേവുഡിൽ ഒക്ടോബർ 16 വെള്ളി മുതൽ 25 ഞായർ വരെയായിരിക്കും. തിങ്കൾ മുതൽ വെള്ളിവരെ ദിവസങ്ങളിൽ വൈകുന്നേരം 7:00നും ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും രാവിലെ 10:00നും കുർബ്ബാനയ്ക്കു ശേഷമായിരിക്കും കൊന്ത ചൊല്ലുന്നത്. ഞായറാഴ്ചകളിൽ കൊന്ത പ്രാർത്ഥനാ ഗ്രൂപ്പിന്റെയും ലീജിയൺ ഓഫ് മേരിയുടെയും നേതൃത്വത്തിൽ ഹോളിലായിരിക്കും. രണ്ടു സ്കൂളിലെയും കുട്ടികളുടെ കൊന്ത ഇംഗ്ലീഷിൽ വേദപാഠക്ലാസ്സിൽ മതാദ്ധ്യാപകരുടെ നേതൃത്വത്തിലായിരിക്കും.

## For Favors Received



- ഒരു വിശ്വാസി



## YOUTH AND COUPLES RETREAT

Sacred Heart Church and St. Mary's Unit offers Residential **Couples Retreat and Youth Retreat in Malayalam and English. Separate Session for Juniors and Seniors.** Expert Team will guide all the retreat groups.
WHEN: **December 27th evening to 30th evening**.
WHERE: **Bishop Lane Retreat Center, Rockford**.
Common Transportation will be arranged. Early Registration is required to assure your seat. Registration fee per person to meet the expense including food, accommodation, resource team, and transportation is **$250 for couples and $200 for youth**. Please don't miss this great opportunity for spiritual experience. Please register with payment to Retreat coordinators, youth directors or DREs.For forms, go to: http://knanayaregion.us/chicago, Email: joemutholam@prorehabpt.org

# സെന്റ് മേരീസ് പൊതുയോഗ തീരുമാനങ്ങൾ

സെപ്റ്റംബർ 13 ഞായറാഴ്ച ഓ.എൽ.വി. പള്ളിയിലെ തിരു ക്കർമ്മങ്ങൾക്കുശേഷം കൂടിയ പൊതുയോഗത്തിൽ എടുത്ത തീരു മാനങ്ങൾ ഏവരുടെയും അറിവിലേയ്ക്കായി താഴെ ചേർക്കുന്നു:

1. മോർട്ടൻ ഗ്രോവിൽ നാം വാങ്ങുന്ന സെന്റ് മേരീസ് പള്ളി യുടെ പ്രഥമ പ്രധാന തിരുന്നാൾ 2010 ആഗസ്റ്റ് 6,7,8 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിലായിരിക്കും ആഘോഷിക്കുന്നത്. അഭിവന്ദ്യ പിതാക്കന്മാരേക്കൂടി പങ്കെടുപ്പിക്കുവാൻ ഉദ്ദേശിച്ചാണ് ആ ദിവസങ്ങൾ നിശ്ചയിച്ചിരിക്കുന്നത്.

2. അമ്പതു നോയമ്പിലെ വാർഷിക ധ്യാനം മേവുഡിലേതു കൂടാതെ, സെന്റ് മേരീസിന്റെ ആഭിമുഖ്യത്തിൽ 2010 മാർച്ച് 12,13,14 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തുന്നതാണ്. ധ്യാനം നയിക്കുന്നത് നെല്ലി ക്കുറ്റി (കുളത്തുവയൽ) ധ്യാന കേന്ദ്രം സ്ഥാപകനും ഇപ്പോൾ ജർമ്മൻ കേന്ദ്രമാക്കി യൂറോപ്പിൽ ധ്യാനങ്ങൾ നയിക്കുന്നതുമായ റവ. ഫാ. സെബാസ്റ്റ്യൻ മുല്ലമംഗലമാണ്.

3. ഒക്ടോബർ 3, 4 (ശനി, ഞായർ) ദിവസങ്ങളിൽ മേവുഡ് പള്ളിയിൽ രാവിലെ ഒൻപതു മുതൽ രാത്രി എട്ടുവരെ ഡൈ കിംഗ്ഡം കം റ്റീം നയിക്കുവാനിരിക്കുന്ന, 13 വയസ്സു മുതലുള്ള വർക്കും മുതിർന്നവർക്കും വേണ്ടിയുള്ള കുടുംബ നവീകരണ ധ്യാന ത്തിലും കൗൺസിലിംഗിലും സെന്റ് മേരീസ് യൂണിറ്റിൽ നിന്നുള്ളവർ പങ്കെടുക്കുന്നതാണ്. അതിനാൽ ഒക്ടോബർ നാല് ഞായറാഴ്ച ഓ.എൽ.വി. പള്ളിയിൽ വേദപാഠം ഉണ്ടായിരിക്കുന്ന തല്ല. എന്നാൽ പതിവുള്ള കുർബാന 5:30ന് ഉണ്ടായിരിക്കും.

4. സെന്റ് മേരീസിൽ ആരംഭിച്ച നാലു കൂടാര യോഗങ്ങളിൽ, അവയുടെ അതിർത്തികളിലുള്ള മറ്റ് സേക്രഡ് ഹാർട്ട് ഇടവകാം ഗങ്ങളേയും ക്ഷണിക്കുന്നതാണ്. കൂടാതെ അതാതു സ്ഥലങ്ങ ളിലെ സേക്രഡ് ഹാർട്ടിന്റെ കൂടാര യോഗങ്ങളിൽ ക്ഷണിക്കുന്നത നുസരിച്ച് സെന്റ് മേരീസ് യൂണിറ്റംഗങ്ങൾ പങ്കെടുക്കുന്നതാണ്.

5. രണ്ടാമത്തെ ദൈവാലയത്തിനുവേണ്ടി നടക്കുന്ന ധന സമാഹരണത്തിൽ വളരുന്ന തലമുറയെക്കൂടി പങ്കുകാരാക്കുവാൻ കുട്ടികൾക്ക് പിഗി ബാങ്ക് നല്കുന്നതാണ്. കൂടാതെ ഞായറാഴ്ചക ളിൽ ഒരോ കുട്ടിയെക്കൊണ്ടും മാതാപിതാക്കൾ ഓരോ ഡോളർ വീതം സംഭാവ സമർപ്പിക്കുന്നത് അഭികാമ്യമാണ്.

6. രണ്ടാമത്തെ ദൈവാലയത്തിനു കൂടുതൽ സംഭാവന നല്കുന്നവരെ ദീർഘകാലം അനുസ്മരിച്ച് ആദരിക്കുവാൻ 2,500ഓ അതിന്റെ ഗുണിതങ്ങളോ ആയ സംഭാവനയ്ക്ക് ഫലകം സ്ഥാപിക്കു ന്നതാണ്. കുട്ടികൾക്കും യുവതീയുവാക്കൾക്കും വേണ്ടി ഇതു പോലെ സംവിധാനം ഒരുക്കുന്നുണ്ട്. കുട്ടികളിൽ 13 വയസ്സിനു താഴെയുള്ളവർക്ക് $250ഉം അതിനു മുകളിൽ പ്രായമുള്ള അവിവാ ഹിതർക്ക് $500 വിതവും വച്ച് പ്രത്യേക ഫലകങ്ങളിൽ രേഖപ്പെ ടുത്തുന്നതാണ്.

7. പള്ളി വാങ്ങുന്നതിനുള്ള സംഭാവനയും, പ്രതിമാസ സംഭാ വനയുടെ പ്രതിജ്ഞാപത്രവും നല്കാത്തവർ അവ ഉടനെ നല്കി സഹകരിക്കുക.

മേല്പറഞ്ഞ തീരുമാനങ്ങളോട് ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## നിര്യാതനായി



**K.T. Mathew (64) Kannachamparambil**
Condolence to the family from S.H. Parishioners

| READERS / LECTORS | | ഏലിയാ-സ്ലീവാ-മൂശാ കാലങ്ങൾ | | |
|---|---|---|---|---|
| September 20 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
| 1st Reading | Wisdom 2:12, 17-20 | Jacob Vanchipurakal | Jessin Naduveetil | Jincy Aikkaraparampil |
| 2nd Reading | James 3:16 - 4:3 | Mary Mannathumakil | Jeffna Elavumkal | Maria Pulikkamattom |
| Gospel | Mark 9:30-37 | *Whoever receives one child such as this in my name, receives me.* | | |
| September 27 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
| 1st Reading | Numbers 11:25-29 | Thomas Viruthikulagara | Charles Pullapally | Shawn Kadalimattom |
| 2nd Reading | James 5:1-6 | Baby Karickal | Nicole Ellankiyil | Jenny Pillaveettil |
| Gospel | Mark 9:38-48 | *Whoever is not against us is for us.* | | |

## മിയാവു രൂപതയിലേയ്ക്ക് തീർഥാടനം



2010 മെയ് 2 ഞായറാഴ്ച നടക്കുവാനിരിക്കുന്ന മിയാവു രൂപതയിലെ കത്തീഡ്രൽ കൂദാശയിലേയ്ക്ക് നമ്മുടെ ഇടവകാംഗങ്ങളെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോർജ് പള്ളിപ്പറമ്പിൽ പിതാവ് ക്ഷണിച്ചിട്ടുണ്ട്. ഈ ദൈവാലയത്തിന്റെ മദ്ബഹാ സ്പോൺസർചെയ്തത് നമ്മുടെ ഇടവകയാണ്. ഈ ചരിത്ര സംഭവത്തിൽ വികാരി ഫാ. ഏബ്രഹാം മുത്തോലത്തിനോടൊപ്പം പങ്കുചേരുവാൻ ആഗ്രഹിക്കുന്നവർ പിൽഗ്രിമേജ് കമ്മറ്റിയെ അറിയിക്കുക. 2010 ഏപ്രിൽ 27നു പുറപ്പെട്ട് മെയ് 4നു മടങ്ങിയെത്തുന്നതാണ്. കേരളത്തിൽ പോകുവാൻ ആഗ്രഹിക്കുന്നവർക്ക് അതിനു സൗകര്യമുണ്ടായിരിക്കും.



Bishop George Palliparambil

| OFFERINGS | Sept. 13 |
|---|---|
| St. Mary's Regular Offering | 440.00 |
| Religious Education Fees | 6,825.00 |
| Building Fund collected since last week | 62,256.00 |
| **TOTAL ST. MARY'S UNIT** | **69,521.00** |
| **Total Building fund for Second Church** | **463,856.00** |
| Maywood Regular Offering | 2,242.00 |
| Building Fund | 885.00 |
| Food Net income | 171.00 |
| Donation Box (Guadalupe Shrine) | 193.00 |
| Religious Education Fees | 38,364.00 |
| Graduation Party parents donation | 900.00 |
| Agape Store for charity | 98.00 |
| **TOTAL AT MAYWOOD** | **42,853.00** |

## CONFESSION

We are offering opportunities for the Sacrament of Reconciliation on every Sunday from 10:00 A.M. - 1:00 P.M. at Maywood and on the first and third Sundays at OLV Church from 3:45 P.M. - 7:00 P.M. Fr. Wilson Joseph will be the confessor.








Please support our advertisers who make this bulletin possible.




YOU INVITE THE GUESTS, WE DO THE REST

Malabar
Catering & Carry-out

**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

### For All Your Tax Services

**Free Electronic Filing & Fast Refund**
**Sabu Madathiparambil**
**Cell: 847-276-7354**
**Off: 847-655-7472**
**1600 W. Dempster St., Suite 205**
(Opp. to Lutheran General Hospital)
**Park Ridge, IL 60068**
**sabuaphilip@hotmail.com**

### Loan Consultant

PMSI
**Cell: 847-276-7354**
**Sabu Madathiparambil**
**Professional Mortgage Solutions Inc.**
**sabuaphilip@hotmail.com**
**Home: 847-918-0242**
EQUAL HOUSING LENDER
Illinois Residential Mortgage Licensee
Equal Housing Lender



### WALDEN CAR CARE CENTER

***Auto Repair With Personal Care***
**ALEX THECCANAT**
**Mon-Fri 8AM SAT 8AM to 3PM**
**1601 East Algonquin Road**
**Schaumburg, (847) 397-2244**
**Cell: (847) 962-4153**
**Brakes, Tune up, Fuel Injection, Engine Performance, Tires-Balance, Computer Service, Transmissions & All Auto Works.**



*Your Rehab Specialists*
**Pro-Rehab Services, P.C.**
&
Choicecare Home Health, Inc.



Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

